ഉത്തരം

(എ&ബി) വീയപുരം ഗവൺമെന്റ് ഹൈസ്കൂളിന് പുതുതായി പ്ലസ് ടു അനുവദിച്ചതിനെ തുടർന്ന് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിനും തലവടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

റാസ്ബെറി പൈ കമ്പ്യൂട്ടർ കിറ്റുകൾ

76 (1152) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ എത്ര വിദ്യാർത്ഥികൾക്ക്, റാസ്ബെറി പൈ ഇലക്ട്രോണിക്സ് സ്കൂൾ കിറ്റുകൾ നൽകിയിട്ടുണ്ട്; അവശേഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം കിറ്റുകൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പായിട്ടുണ്ടോ;

(സി) ഈ വർഷം എത്ര സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടി കിറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) റാസ്ബെറി പൈ കമ്പ്യൂട്ടർ കിറ്റുകൾ, ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കിയിട്ടുള്ളത്; കിറ്റ് ഒന്നിന് എന്ത് ചെലവ് വരുന്നുണ്ട്;

(ഇ) അവശേഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം ഈ വർഷം തന്നെ കിറ്റുകൾ വിതരണം ചെയ്യുന്നതിന് മൊത്തം എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; ഏതെല്ലാം നിലയിലാണ് തുക കണ്ടെത്തുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 33,83,787 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളിലേയും പരീക്ഷ നടത്തി തെരഞ്ഞെടുത്ത ഓരോ എട്ടാംക്ലാസ് വിദ്യാർത്ഥികൾക്ക് വീതമാണ് റാസ്ബെറി പൈ കമ്പ്യൂട്ടർ ആദ്യഘട്ടത്തിൽ നൽകിയത്. ആദ്യഘട്ടത്തിൽ (2014-15) 2512 കിറ്റുകൾ നൽകി. രണ്ടാംഘട്ടത്തിൽ ഗവൺമെന്റ്/എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ എട്ടാംക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുത്ത രണ്ട് വിദ്യാർത്ഥികൾക്ക് വീതമാണ് റാസ്ബെറി പൈ കമ്പ്യൂട്ടർ വിതരണം ചെയ്യുന്നത്. 2015-16-ൽ 6288 റാസ്ബെറി പൈ കിറ്റുകളും നൽകി. ഒമ്പതാം ക്ലാസ്സിലെ ഫിസിക്സ് പഠനം ലളിതമാക്കുന്നതിന്റെ ഭാഗമായാണ് ഇലക്ട്രോണിക്സ് കിറ്റ് നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകൾക്കാണ് ഇത് നൽകുന്നത്. 1218 സ്കൂളുകൾക്കായി 2160 ഇലക്ട്രോണിക്സ് കിറ്റുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി കിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) സ്റ്റാർട്ടപ്പ് മിഷൻ ലഭ്യമാക്കിയിട്ടുള്ള 7500 കിറ്റുകളിൽ 6288 എണ്ണം വിതരണം ചെയ്തുകഴിഞ്ഞു.

(ഡി & ഇ) റാസ്ബെറി കമ്പ്യൂട്ടർ കിറ്റുകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്നതും എല്ലാ ചെലവുകളും വഹിക്കുന്നതും ഐ.റ്റി. വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ടപ്പ് മിഷൻ ആണ്.

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

77 (1153) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിരുന്നോ ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly